## പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2496 — 19.12.2012-ൽ മറുപടിയ്ക്ക്

### തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ യൂണിറ്റ് ഉപകരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻനായർ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ സി.റ്റി സ്കാൻ ചെയ്യുന്നതിനും എം.ആർ.ഐ സ്കാൻ ചെയ്യുന്നതിനും എത്ര ഉപകരണങ്ങൾ വീതമാണുള്ളതെന്ന് അറിയിക്കുമോ; | എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സി.റ്റി സ്കാൻ ചെയ്യുന്നതിന് 2 ഉപകരണങ്ങളും എം.ആർ.ഐ സ്കാൻ ചെയ്യുന്നതിന് ഒരു ഉപകരണവും ലഭ്യമാണ്. |
| ബി) | പ്രസ്തുത സ്കാൻ ചെയ്യുന്നതിനായി രോഗികൾ എത്ര ദിവസം വരെ കാത്തിരിക്കേണ്ടി വരുന്നുവെന്ന് അറിയിക്കുമോ; | ബി) | അടിയന്തിര സാഹചര്യങ്ങളിൽ സി.റ്റി, എം.ആർ.ഐ സ്കാനുകൾ അടിയന്തിരമായി തന്നെ ചെയ്തു വരുന്നുണ്ട്. എന്നാൽ അടിയന്തിര സ്വഭാവമില്ലാത്ത രോഗികൾക്ക് സി.റ്റി സ്കാനിന് ഏകദേശം $1\frac{1}{2}$ മാസവും എം.ആർ.ഐ സ്കാൻ ഏകദേശം $3\frac{1}{2}$ മാസവും കാത്തിരിക്കേണ്ടി വരുന്നുണ്ട്. |
| സി) | രോഗികളുടെ എണ്ണം വർദ്ധിച്ചതിന് ആനുപാതികമായി കൂടുതൽ സി.റ്റി/എം.ആർ.ഐ സ്കാനറുകൾ സ്ഥാപിച്ച് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ശ്രമിക്കുമോ; | സി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു സി.റ്റി സ്കാനും എസ്.എ.റ്റി ഹോസ്പിറ്റലിന് മറ്റൊരെണ്ണവും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത സ്കാനറുകൾ മന:പൂർവ്വം കേടുവരുത്തിയെന്നാരോപിച്ച് ഇതുവരെ ഏതെങ്കിലും ജീവനക്കാർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | ഡി) | സ്കാനറുകൾ മന:പൂർവ്വം കേടുവരുത്തിയെന്നാരോപിച്ച് ശിക്ഷാ നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ